**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1876** **08-02-2023 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി മണ്ഡലത്തിൽ കായിക വകുപ്പ് മുഖേനയുള്ള പ്രവർത്തങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സന്തോഷ് ട്രോഫി മത്സരങ്ങൾക്ക് ശേഷം മഞ്ചേരി പയ്യനാട് സ്റ്റേഡിയം മൈതാനം കള പിടിച്ചു കൊണ്ടിരിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ മൈതാനം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | **നിലവിൽ മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ യാതൊരു വിധ കളകളും ഇല്ല. സന്തോഷ് ട്രോഫി ചാമ്പ്യൻഷിപ്പിനു ശേഷവും ഐ ലീഗ് മത്സരത്തിന് ശേഷവും ഫുട്ബോൾ പരിശീലനം ജനവരി 15 വരെ ടി സ്റ്റേഡിയത്തിൽ നടന്നിരുന്നു. സ്റ്റേഡിയം പരിപാലിച്ചു വരുന്നത് മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിൽ മുഖേനയാണ്.** |
| (ബി) | പ്രസ്തുത സ്റ്റേഡിയത്തിൽ നിലവിലുള്ള ഗാലറി വിപലീകരിക്കുന്നതിനും, പുതിയ ഗ്യാലറി നിർമ്മിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ; | (ബി) | **പ്രസ്തുത സ്റ്റേഡിയത്തിലെ ഗ്യാലറി നവീകരണം, പുതിയ ഗ്യാലറി നിർമ്മാണം, പ്രാക്ടീസ് ഗ്രൗണ്ട് നിർമ്മാണം എന്നിവ കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.** |
| (സി) | ഇവിടെ സിന്തറ്റിക് ട്രാക്ക്, പ്രാക്ടീസ് ഗ്രൗണ്ട് നിർമ്മാണം എന്നിവയടക്കമുള്ള രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) | **പ്രസ്തുത സ്റ്റേഡിയത്തിലെ ഗ്യാലറി നവീകരണം, പുതിയ ഗ്യാലറി നിർമ്മാണം, പ്രാക്ടീസ് ഗ്രൗണ്ട് നിർമ്മാണം എന്നിവ കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.** |
| (ഡി) | മഞ്ചേരി മെഡിക്കൽ കോളേജിൽ വിദ്യാർത്ഥികൾക്ക് സ്പോർട്സ് ഗ്രൗണ്ട് നിർമ്മിക്കുന്നതിനുള്ള നടപടികൾ കായിക വകുപ്പ് സ്വീകരിക്കുമോ? | (ഡി) | **മഞ്ചേരി മെഡിക്കൽ കോളേജിൽ വിദ്യാർത്ഥികൾക്ക് സ്പോർട്സ് ഗ്രൗണ്ട് നിർമ്മിക്കുന്നത് സംബന്ധിച്ച വിഷയം കായിക വകുപ്പിന്റെ പരിഗണനയിലില്ല.** |

സെക്ഷൻ ഓഫീസർ